**BOOK-POST**

To

............................................................

............................................................

............................................................

............................................................Pin........................

മണിയശ്ശേരി ദേവസ്വം ട്രസ്റ്റ് വാർത്താപത്രിക
(For Private Circulation Only)

മണിയശ്ശേരി ദേവസ്വം ട്രസ്റ്റ്
മറവൻതുരുത്ത് പി.ഒ., വൈക്കം

## അനുശോചനം

*മണിയശ്ശേരി കുടുംബാംഗമായ ശ്രീ. മാധവൻപിള്ള കാക്കാഴം 24.10.2014 നും അടൂർ വൃന്ദാവനത്തിൽ ശ്രീമതി ആനന്ദവല്ലിഅമ്മ ( W/o. Late N.C. Nair ) 26.10.2014 നും നിര്യതരായി പരേതാത്മാക്കളുടെ നിത്യശാന്തിക്കായി പ്രാർത്ഥിക്കുകയും കുടുംബാംഗങ്ങളോടൊപ്പം ദുഃഖത്തിൽ പങ്കുചേരുകയും ചെയ്യുന്നു.*

## സെക്രട്ടറിയുടെ റിപ്പോർട്ട്

*ഈവർഷത്തെ വൃശ്ചികമാസചിറപ്പ് മഹോത്സവം മുൻവർഷങ്ങളിലെപ്പോലെ ഇക്കൊല്ലവും നടത്താനായി. എല്ലാ കൊല്ലവും നടത്തിവരുന്ന ഭാഗവത സപ്താഹം ഡിസംബർ 19ന് ആമേട ശ്രീധരൻനമ്പൂതിരി ദ്രദീപം കൊളുത്തി മാഹാത്മ്യ പ്രഭാഷണത്തോടെ ആരംഭിക്കുകയും ഡിസംബർ 26ന് പറവൂർ ശ്രീരാമനാഥൻ അവർകളുടെ സമാപന പ്രഭാഷണത്തോടെ നടത്തുകയും ചെയ്തു കുടുംബാംഗങ്ങളുടെ അകമഴിഞ്ഞ സഹകരണത്താൽ യജ്ഞാചാര്യനായ ശ്രീ. ആർ. സോമശേഖറിന്റെ നേതൃത്വത്തിൽ കുടുംബാംഗങ്ങൾതന്നെ പാരായണ പ്രഭാഷണം നടത്തി. കഴിഞ്ഞ പൊതുയോഗത്തിൽ അംഗീകരിച്ച വികസനരൂപരേഖയിലെ ശാന്തിമഠത്തിന്റെ നിർമ്മാണം പരദേവതയുടെ അനുഗ്രഹത്താൽ 2015 ഫെബ്രുവരിയിൽ മേൽശാന്തിക്ക് താമസിക്കാൻപാകത്തിൽ പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. സപ്താഹമണ്ഡപത്തിന്റെ പണിയും ഭാഗികമായി തീർത്ത് സപ്താഹം നടത്തുവാൻ സാധിച്ചത് സ്വാമിയുടേയും പരദേവതകളുടെയും അനുഗ്രഹമായികരുതാം വികസനരൂപരേഖയിൽ നിർദ്ദേശിച്ച മറ്റുനിർമ്മാണ പ്രവർത്തനങ്ങളും സമയബന്ധിതമായി നമ്മുടെ വാർഷികപൂജക്ക് മുൻപ് തീർക്കാമെന്ന് പ്രതീക്ഷിക്കുന്നു. മേലിലും കുടുംബാംഗങ്ങളുടെ സഹകരണം പ്രതീക്ഷിച്ചുകൊള്ളുന്നു.*

## "അനുമോദനം"



*കുടുംബാംഗമായ Dr. N.R.M. Menon ന് FICCI, New Delhi യുടെ പ്രഥമ Life Time Achivement Award in Higher Education പുരസ്കാരം ലഭിച്ചതിന് അംഗങ്ങളുടെ അനുമോദനം അറിയിക്കുന്നു.*

*കുടുംബാംഗമായ ശിവപ്രസാദിന്റെ മകൾ ദേവി പ്രസാദിന് S-SAT, PCM എന്നീ Scholarship വിജയിച്ചതിനുപുറമെ Story Telling , Light Music എന്നിവകളിലും സമ്മാനാർഹയായതിൽ അംഗങ്ങളുടെ അഭിനന്ദനം അറിയിക്കുന്നു.*

*കുടുംബാംഗമായ ശ്രീമതി ജയശ്രി കൃഷ്ണകുമാറിന്റെ മകൾ മീനാക്ഷി കൃഷ്ണകുമാറിന് ഇക്കഴിഞ്ഞ ICSE Plus II പരീക്ഷയിൽ അഖിലേന്ത്യ അടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ചതിന് ബോർഡിന്റെ ഗോൾഡ് മെഡലിന് അർഹയായി ഈ വിജയത്തിന് അംഗങ്ങളുടെ അഭിനന്ദനം അറിയിക്കുന്നു.*

*കുടുംബാംഗമായ ശ്രീ. G അനിൽനായരുടെയും രേഖനായരുടെയും മകളായ മേഘ R. നായർ CBCE സംസ്ഥാന കലോത്സവത്തിൽ ഭരതനാട്യത്തിലും കുച്ചിപുടിയിലും ഒന്നാം സ്ഥാനവും മോഹിനിയാട്ടത്തിൽ രണ്ടാം സ്ഥാനവും നേടി. ഈ കൊച്ചുമിടുക്കിക്ക് അംഗങ്ങളുടെ അഭിനന്ദനം*

## കൃതജ്ഞത

*ശ്രീ. ജയചന്ദ്രൻ (കണ്ണൻ )* New Delhi *സംഭാവനയായി നൽകിയ തുകക്ക് 3 ഉരുളികൾ 1 ചെറിയ ചെമ്പ്* 1 Office Table *1 അലമാര മുതലായവ ക്ഷേത്രത്തിലേക്ക് വാങ്ങിക്കുവാൻ സാധിച്ചു അദ്ദേഹത്തോടുള്ള കൃതജ്ഞത അറിയിക്കുന്നു.*

## പ്രസാദമൂട്ട് നടത്തിയവർ

| കന്നി | തുലാം | വൃശ്ചികം | ധനു |
|---|---|---|---|
| Dr. N.R.M. MENON | MEERA NAIR | J.B. NAIR | SUJITH NAIR |


ॐ

# വൈഷ്ണവം

www.maniyasseri.org
E-mail: swamy.gandharva@gmail.com

തമസോമാ ജ്യോതിർഗമയ

*കൊല്ലവർഷം 1190 തുലാം (ശകവർഷം 1936 പൗഷം) വാല്യം 6 ലക്കം 4, ക്രിസ്തുവർഷം 2015 ജനുവരി......*


## മുഖക്കുറിപ്പ്

**ഡോ : ബി. സരോജിനിയമ്മ** *പ്രസിഡന്റ്*

ഈ പുതുവത്സരത്തിൽ എല്ലാ കുടുംബാംഗങ്ങൾക്കും പരദേവതമാരുടെ കാരുണ്യത്താൽ സർവ്വ ഐശ്വര്യങ്ങളും ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. നമ്മുടെ സ്വാമി ആവർത്തിച്ചാവർത്തിച്ച് നമ്മെ ഉപദേശിച്ചിട്ടുള്ള സന്ധ്യാ നാമ ജപം എല്ലാ കുടുംബത്തിലും നിശ്ചയം നടത്തുന്നതിന് നമുക്ക് പ്രതിജ്ഞ എടുക്കാം. എന്തെന്നാൽ കലികാലം പൊതുവേ അപകടകാരിയാണ്. മർത്ത്യന് കൈപ്പിഴ ജന്മസിദ്ധവും ആണ്. ഈ കാലദോഷത്തിൽ നിന്നും, കൈപ്പിഴകളിൽ നിന്നും മോചനം നേടുന്നതിനുള്ള എളുപ്പവഴിയാണ് നാമജപം. ത്രിസന്ധ്യ, വേറേ ഒരു നല്ല കർമ്മത്തിനും ഉചിതമല്ല. ഭഗവന്നാമം മനുഷ്യന് ഒരു രക്ഷാകവചമാണ്. നാവ് സംസാരം തുടങ്ങുമ്പോൾ മുതൽ – കുഞ്ഞുനാൾ മുതൽ അഭ്യസിക്കേണ്ടതാണ് നാമജപം. അതിന് അമ്മമാർതന്നെ ശ്രദ്ധിക്കണം. അമ്മ ഒരു കുഞ്ഞിന് നൽകുന്ന ഏറ്റവും വലിയ സ്വത്താണ് ഈശ്വരഭക്തി അഭ്യസിപ്പിക്കുക. അത് സാധ്യമാകുന്നത് നാമജപത്തിലൂടെയാണ്.

ചെറിയ പ്രായത്തിൽ ജപം ശീലിച്ചാൽ കുഞ്ഞിന്റെ മനസ്സ് അവൻ അറിയാതെ തന്നെ ഈശ്വരനിൽ എത്തുന്നു. എന്നും എവിടേയും എന്നെ രക്ഷിക്കാൻ ഈശ്വരൻ ഉണ്ട് എന്ന വിശ്വാസം കുഞ്ഞു മനസ്സിൽ ഉറയ്ക്കുന്നു. ബുദ്ധിയും, ശരീരവും വളരുന്നതോടൊപ്പം അവനിലെ ഈശ്വരഭക്തിയും അവൻപോലും അറിയാതെ ദൃഢമായി ഉറയ്ക്കുന്നു.

കൗമാര യൗവ്വനപ്രായങ്ങളിൽ ജീവിതസൗധം കെട്ടിപടുക്കാനുള്ള തത്രപ്പാടിൽ മനസ്സ് പിടിവിട്ട് അപഥസഞ്ചാരി ആകാൻ ഇടയുണ്ട്. എന്നാൽ ആ കാലഘട്ടത്തിലും വഴിപിഴയ്ക്കാതിരിക്കാനും, ജീവിതത്തിൽ തളർന്നുപോകുമ്പോൾ തണലായി ആശ്വാസം പകർന്ന് ധൈര്യപൂർവ്വം മുന്നേറുവാൻ ഈശ്വരഭക്തിയ്ക്കു സാധിക്കുന്നു. ഈശ്വരന്റെ ബലത്തിൽ അവന് ആശ്വാസം കിട്ടുന്നു ഈശ്വര ശരണത്തിൽ എത്തിയാൽ പിന്നെ ജീവൻ മുക്തിക്കുള്ള മാർഗ്ഗം താനേ തെളിയും. നമ്മുടെ എല്ലാം എല്ലാം ആയ ഗന്ധർവ്വ സ്വാമിയുടെ ഈ ഉപദേശം "നാമജപവും കൂട്ടപ്രാർത്ഥനയും" നമുക്ക് സർവ്വാത്മനാ സ്വീകരിയ്ക്കാം ജീവിതപന്ഥാവിൽ ആ വെളിച്ചം നമ്മെ നയിക്കട്ടെ.

---

## വാക്ക്- ജീവിതം.

**സീയാർ.**

വാക്കിനെക്കുറിച്ചു പറയുമ്പോൾ സാധാരണയായി ചൂണ്ടിക്കാട്ടാറുള്ള ഒരു കാര്യമുണ്ട്. വാക്ക് സൂക്ഷിച്ച് ഉപയോഗിക്കണം. കാരണം വാക്കുകൊണ്ട് ഒരാളെ മുറിവേൽപിച്ചാൽ ദൈവാനുഗ്രഹത്തിനായി എത്രമന്ത്രങ്ങളുരുവിട്ടാലും ഫലമില്ല എന്നതാണ് അത്. മന്ത്രവും വാക്കായതിനാൽ നമ്മുടെ നാവുകൊണ്ട് ഒരാൾക്കു മുറിവുണ്ടായാൽ അതേ നാവുകൊണ്ട് മന്ത്രമുരുവിടുന്നത് പാപമാണെന്നാണ് പറയാറ്. എന്നാൽ പലപ്പോഴും വാക്കുകൾ മറ്റൊരാളെ എങ്ങനെ മുറിപ്പെടുത്തുമെന്ന ചിന്ത സാധാരണയായി നമുക്കുണ്ടാകാറില്ല. എന്റെ ചിന്തമാത്രമാണ് ശരിയെന്നും അത് മറ്റുള്ളവർ അനുസരിക്കണമെന്നും ധരിച്ചുവശാകുന്നവർക്കാണ് വാക്കിന്റെ പ്രഹരശേഷി മനസ്സിലാക്കാൻ പറ്റാതാവുന്നത്. ഞാൻ മാത്രമാണ് ലോകമെന്നു ചിന്തിക്കുന്നവരാണ് ഇത്തരക്കാർ.

ലോകമെന്നാൽ ഞാൻ - നീ- അവൻ അല്ലെങ്കിൽ അവൾ- ഈ മൂന്നു വ്യക്തികൾ ചേരുന്നതാണ്. ഇവരുടെ അനുഭവങ്ങളുടെ ആകത്തുകയാണ് ജീവിതം. അതിൽ എനിക്കുമാത്രമായോ നിനക്കുമാത്രമായോ അവൻ- അവൾക്കുമാത്രമായോ ഒരു നിലനിൽപ്പ് ഇല്ല എന്നതാണ് ശരി. അതുകൊണ്ട് ഇവരെ തമ്മിൽ ബന്ധിപ്പിച്ചു നിർത്തുന്നിടത്താണ് അനുഭവവും ലോകവും ജീവിതവുമെല്ലാം ഉണ്ടാകുന്നത്. ഈ ബന്ധം ഉറപ്പിക്കുന്നതാകട്ടെ നമ്മളുരുവിടുന്ന വാക്കുകളാണുതാനും. ഒരു ബന്ധത്തെ ഇല്ലാതാക്കാനും പുതിയ നല്ലബന്ധത്തെ സൃഷ്ടിക്കാനും ഒരു വാക്കിനു കഴിയും. എന്നാൽ പലപ്പോഴും ഇക്കാര്യം വിസ്മരിച്ചു പോകുന്നു. ഉപയോഗിക്കുന്ന വാക്കകളെയും ചിന്തകളെയും നിയന്ത്രിക്കുന്നത് മനസ്സായതിനാൽ അതിന്റെ ഏകാഗ്രതയ്ക്കുള്ള പ്രാധാന്യം വളരെയേറെയാണ്. കോപം മനസ്സിന്റെ നിയന്ത്രണത്തെ ഇല്ലാതാക്കുന്നു. മനസ്സിന്റെ നിയന്ത്രണം നഷ്ടമാകുമ്പോൾ വാക്കിന്റെ പ്രയോഗത്തിലും നിയന്ത്രണമില്ലാതാകും. അപ്പോൾ പുറത്തേക്കു വരുന്ന വാക്കുകൾ ഏതൊക്കെയാണെന്നു പറയുന്നയാൾക്കു പോലും ഓർമ്മയുണ്ടാകാറില്ല. മനസ്സിനും വാക്കിനും തമ്മിലുള്ള ബന്ധത്തെ ദൃഢപ്പെടുത്തുന്നതാണ് മന്ത്രങ്ങൾ.

മന്ത്രങ്ങൾ ഉരുവിടുമ്പോൾ വാക്കിനുമേലുള്ള മനസ്സിന്റെ സ്വാധീനം വർദ്ധിക്കുകയാണ് ചെയ്യുന്നത്. മനപ്പാഠം പഠിച്ച മന്ത്രങ്ങൾ ഉരുവിടുകയും അതേസമയത്ത് മനസ്സ് മറ്റേതെങ്കിലും വിചാരത്തിൽ ഏർപ്പെടുകയും ചെയ്യുന്നു എന്നതാണ് സാധാരണയായി നടക്കാറ്. ഇത്തരക്കാർക്ക് ഒരിക്കലും വാക്കിനുമേൽ നിയന്ത്രണമുണ്ടാവാറില്ല. അവർക്ക് വാക്കിനെ തിരിച്ചറിയാൽ പറ്റാറില്ല. വാക്കിനും ജീവിതത്തിനും തമ്മിലുള്ള ബന്ധവും അവർക്കറിയില്ല.

മന്ത്രത്തിൽ വാക്കിന്റെ ശക്തിതിരിച്ചറിയുന്നവർ മനുഷ്യബന്ധത്തെ തിരിച്ചറിയുന്നു, ജീവിതം എന്താണെന്നറിയുന്നു. അത്തരക്കാരാണ് ദൈവത്തിന്റെ സാമീപ്യം മനസ്സിലാക്കുന്നത്. മന്ത്രം വെറുതെ ഉരുവിടുന്നതിലല്ല കാര്യം മനസ്സിന്റെ നിയന്ത്രണത്തിലൂടെ വാക്ക് ഉച്ചരിക്കുന്നതിലാണ് കാര്യം. അത്തരക്കാരായി മാറാൻ നമുക്ക് ശ്രമിക്കാം. സ്വാമിയും അമ്മമാരും അതിനായി അനുഗ്രഹിക്കട്ടെ.

## അറിയിപ്പ്

**2015 ലെ വാർഷിക പൂജാമഹോത്സവം 2015 ഏപ്രിൽ 17 മുതൽ 22 വരെ. രോഹിണിനാളിൽ പ്രതിഷ്ഠാദിനപൂജ –22.04.2015**

# സോപാന സംഗീതം

**എം. വിജയലക്ഷമി അമ്മ**

കേരളത്തിന്റെ തനതു സംഗീതശൈലിയാണ്. “ സോപാന സംഗീതം” അഥവാ “കൊട്ടിപ്പാടി സേവ” സോപാനം എന്ന പദത്തിന്റെ അർത്ഥം “പടവുകൾ ” എന്നാണ് ക്ഷേത്ര ശ്രീകോവിലിന്റെപടികൾക്ക് സമീപം നിന്ന് പാടുന്ന സംഗീത ശൈലിയായതുകൊണ്ടാണ് കൊട്ടിപ്പാടി സേവയെ സോപാനസംഗീതം എന്ന് വിളിച്ചുവരുന്നത്. ക്ഷേത്രത്തിലെ മൂർത്തിയുടെ ചൈതന്യവർദ്ധനവിനുവേണ്ടി പൂജകളെയെല്ലാം കലകളിൽക്കൂടിയാണ് അർച്ചിക്കുന്നത്. ത്രി കലകൾ മുതൽ അറുപത്തിനാല് കലകൾവരെയാണുള്ളത്. ഇതിൽ ത്രികലകളായ നൃത്തം, വാദ്യം,ഗീതം എന്നീ മൂന്നു കലകളിൽക്കൂടി അർച്ചിക്കുമ്പോഴാണ് ഒരു പൂജ പൂർണ്ണമാവുന്നതും,കൊട്ടിപ്പാടിസേവയുടെ ആവശ്യം വരുന്നതും ഇത് പൂജാമന്ത്രങ്ങളിൽത്തന്നെ പറയുന്നുണ്ട്. നിവേദ്യത്തിന്റെ മന്ത്രം കഴിഞ്ഞാൽ “നൃത്തമിദം, ഗീതമിദം, വാദ്യമിദം, ഛത്രചാമരാദി സർവ്വരാജോപചാരമിദം സമർപ്പയാമി ” എന്നൊരു മന്ത്രമുണ്ട് അപ്പോഴാണ് സോപാനത്ത് കൊട്ടിപ്പാടി സേവ തുടങ്ങുന്നതും. ഇതിൽ നൃത്തമിദം എന്നത് :- ശ്രീകോവിലിനുള്ളിൽ പൂജാരി ചെയ്യുന്ന എല്ലാ മന്ത്രങ്ങളും, തന്ത്രങ്ങളും മുദ്രയിൽക്കൂടിയുള്ള അർച്ചന മൂർത്തിക്ക് നൃത്തമിദമായും സോപാനത്ത് ക്ഷേത്രവാദ്യങ്ങളിലെ അർച്ചനാവാദ്യമായ ഇടയ്ക്കയിലൂടെ കൊട്ടുന്ന കൂറുകളും, തീറുകളും മൂർത്തിക്ക് വാദ്യമിദമായും, കീർത്തനങ്ങൾ പാടി സ്തുതിക്കുമ്പോൾ അത് ഗീതമിദമായും ഭവിക്കുന്നു. അങ്ങിനെ ത്രികലകളുടെ സമ്മേളനമാണ് ഒരു പൂജ.

സോപാനസംഗിതത്തെ തെക്കൻ ചിട്ടയെന്നും മദ്ധ്യതിരുവിതാംകൂർ ശൈലിയെന്നും, വടക്കൻ ചിട്ടയെന്നും മൂന്നായി തരം തിരിച്ചിട്ടുണ്ടെങ്കിലും, ഇതിൽ തെക്കൻ ചിട്ട പൂർണ്ണമായും നാമാവശേഷമായി എന്നു പറയാം. തിരുവട്ടാർ, ശുചീന്ദ്രം, തിരുവനന്തപുരം ശ്രീ പത്മനഭസ്വാമി ക്ഷേത്രം, ശ്രീ കണ്ഠേശ്വരം, എന്നീ ക്ഷേത്രങ്ങളിലായിരുന്നു തെക്കൻ ചിട്ട നിലനിന്നിരുന്നത്. അമ്പലപ്പുഴ, വൈക്കം,ഏറ്റുമാനൂർ, തിരുവല്ല, രാമമംഗലം,ചോറ്റാനിക്കര,തുറവൂർ,വടക്കൻ- പറവൂർ ഭാഗങ്ങളിലാണ് മദ്ധ്യതിരുവിതാംകൂർ ശൈലി പാടി വരുന്നത്. ഗുരുവായൂർ,പാലക്കാട്,തൃത്താല,ചെർപ്പുളശ്ശേരി, തിരുമാന്ധാംകുന്ന്, കാടാംമ്പുഴ, ഭാഗങ്ങളിലേയും, കണ്ണൂർ, പയ്യന്നൂർ, മട്ടന്നൂർ, കാസർകോട് ഭാഗങ്ങളിലേയും കൂടിച്ചേർന്ന് വടക്കൻ ചിട്ട എന്നും വിളിച്ചു വരുന്നു.ഇതിൽ മദ്ധ്യതിരുവിതാംകൂർ ശൈലിയെക്കുറിച്ച് വിവരിക്കാം. ആദ്യം ഇടയ്ക്കയിൽ ത്രിസ്ഥാനം വായിച്ച് ഗണപതിക്കൈകൊട്ടുന്നു. ശേഷം ഓരോരോയാമങ്ങൾക്കനുസരിച്ചുള്ള പൂജയുടെ രാഗവും, ത്രാണിയും പാടി, ഇടയ്ക്കയിൽ കൂറ്കൊട്ടുന്നു. പിന്നീടാണ് കീർത്തനങ്ങളും അഷ്ടപദിയും മറ്റും പാടി വരുന്നത്. അവസാനം ഇടയ്ക്കയിൽ തീറ് കൊട്ടികലാശിക്കുന്നു. കൊട്ടിപ്പാടിസേവയിലെ വേറൊരു ശൈലിയാണ് പള്ളിച്ചിന്തുകൾ. മൂർത്തിയുടെ പള്ളിക്കുറുപ്പിനു ശേഷം പള്ളിയുണർത്തിന് പാടി വരുന്ന കീർത്തനങ്ങളാണ് പള്ളിചിന്തുകൾ. ക്ഷേത്ര വാദ്യങ്ങളിൽ ദേവവാദ്യത്തിലും അസുരവാദ്യത്തിലും പെടാതെ ഒരു അർച്ചനാവാദ്യത്തിൽ മാത്രം വരുന്ന ഇടയ്ക്കയാണ് കൊട്ടിപ്പാടിസേവയിൽ പക്ക വാദ്യമായി ഉപയോഗിച്ചു വരുന്നത്. “കുഴിത്താളം” എന്ന ഓട്ടു വാദ്യവും താളവാദ്യമായി ഉപയോഗിച്ചുവരുന്നു. ഇടയ്ക്കയുടെ ഓരോഭാഗങ്ങൾക്കും ഓരോ സങ്കൽല്പങ്ങളാണ് ഉള്ളത്. രണ്ട് വട്ടം, നടുക്ക് കുറ്റി- ബ്രഹ്മാവിഷ്ണുമഹേശ്വരൻമാരായി സങ്കല്പിച്ചിരിക്കുന്നു. ആറ് ദ്വാരങ്ങളിൽക്കൂടിയാണ് ഇടയ്ക്ക കോർത്തിരിക്കുന്നത് ഇത് ആറ് ശാസ്ത്രങ്ങളേയും, അറുപത്തിനാല് പൊടുപ്പുകൾ –– അറുപത്തിനാല് കലകളേയും നാല് ജീവക്കോലുകൾ –– നാല് വേദങ്ങളേയും കുറ്റിയുടെ ഇരുവശങ്ങളിലുമുള്ള രണ്ട് ഊർമ്പനനാരുകളിൽ ഒന്ന് - ജിവാത്മാവായും, മറ്റേത് പരമാത്മാവായും സങ്കല്പിച്ചുവരുന്നു. ഇത്രയേറെ ശാസ്ത്രങ്ങളും, സങ്കല്പങ്ങളും, ഉള്ള ഒരു വാദ്യം ക്ഷേത്രവാദ്യങ്ങളിൽ ഇടയ്ക്കക്കുമാത്രം സ്വന്തം.

# സർപ്പാരാധന

**ഡോ : ബി. സരോജിനിയമ്മ**

മനുഷ്യനും പ്രകൃതിയും തമ്മിൽ പുരാതന കാലം മുതൽ നിലനിന്നിരുന്ന സുദൃഢമായ ബന്ധത്തെ നമ്മെ ഇന്നും ഓർമ്മിപ്പിക്കുന്നത് സർപ്പകാവുകൾ ആണ്. പരിസ്ഥിതി സംരക്ഷിക്കുകയും, അന്തരീക്ഷത്തിലെ ശീത ഉഷ്ണ സ്ഥിതികളെ നിയന്ത്രിക്കുകയും, ഭൂമിയിൽ ഈർപ്പം നിലനിർത്തുകയും, ശുദ്ധവായു പ്രദാനം ചെയ്യുകയും, ചെയ്യുന്ന ഉത്തമ സങ്കേതങ്ങളാണ് സർപ്പകാവുകൾ. കൂടാതെ ഭൂമിയ്ക്കുടയവരും, കാവൽക്കാരും, പ്രത്യക്ഷദേവ ചൈതന്യവാഹികളും ആയ സർപ്പദൈവങ്ങളുടെ ആരാധനാലയങ്ങളും ആണ്.

വേദകാലം മുതൽക്കേ സർപ്പാരാധന നടത്തിയിരുന്നതായി വേദങ്ങളിൽ പരാമർശനങ്ങൾ ഉണ്ട്. “ സർപ്പ സൂക്തം ”ആരാധന സമ്പ്രദായം എന്ന നിലയിൽ യജൂർവേദത്തിൽ പറയുന്നു. അഥർവ്വ വേദത്തിൽ സർപ്പ വിഷത്തിന്റെ ദുഷ്ഫലങ്ങളും അതിന് എതിരായി പ്രയോഗിക്കേണ്ട മന്ത്ര പ്രയോഗങ്ങളും പ്രതിപാദിച്ചിട്ടുണ്ട്.

ശ്രീ മഹാഭാഗവതത്തിൽ ശ്രീ അനന്തന്റെ (സങ്കർഷണ മൂർത്തി) യുടെ ആവാസ സ്ഥലമായ നാഗലോക വർണ്ണനയുണ്ട് . മിക്കവാറും എല്ലാ ദേവന്മാർക്കും സർപ്പങ്ങളും ആയി ഏതെങ്കിലും തരത്തിൽ ബന്ധമുണ്ട്. വിഷ്ണു ഭഗവാന് മെത്തയായും, മഹാദേവന് കണ്ഠാഭരണവും, ഗണപതിക്ക് യജ്ഞോപവീതവും, ദുർഗ്ഗാദേവിക്ക് ആയുധവും, കാളീ മാതാവിന് വളയും,, സൂര്യ ദേവന് രഥത്തിൽ കുതിരകളെകെട്ടുന്ന പാശവും,ദക്ഷിണാമൂർത്തിക്ക് ഉത്തരീയവും തോൾവളയും, സപ്തമാത്രക്കൾക്ക് പൂണൂൽ വള, കുണ്ഡലങ്ങൾ ആയും, വരുണദേവന് കുടയായും സർപ്പങ്ങൾ നിലകൊള്ളുന്നു. നാഗപാശം, നാഗാസ്ത്രം എന്നിവ യുദ്ധത്തിന് ഉപയോഗിക്കുന്ന ദിവ്യശക്തിയുള്ള ആയുധങ്ങൾ ആണ് . ഗർഗ്ഗ മുനി അറിവ് സമ്പാദിച്ചത് നാഗദൈവങ്ങളിൽ പ്രമുഖനായ ആദിശേഷനിൽ നിന്നാണെങ്കിൽ, പരീക്ഷിത്തു മഹാരാജാവിന്റെ അന്ത്യം സർപ്പശ്രേഷ്ഠനായ തക്ഷകദംശം ഏറ്റ് . ലോകനന്മയ്ക്കായി പാലാഴികടയാൻ സഹായിച്ചത് വാസുകി എന്ന നാഗദേവൻ. കൂടാതെ ത്രേതായുഗത്തിൽ ലക്ഷ്മണനായും ദ്വാപരയുഗത്തിൽ ബലരാമനായും വിഷ്ണു ഭഗവാന്റെസഹോദരനായി അവതാരം എടുത്തു ആദിശേഷൻ.

കേരള ഉൽപ്പത്തിമുതൽ തന്നെ സർപ്പാരാധന കേരളത്തിൽ നിലവിൽ വന്നു. നാഗങ്ങളുടെ നിഗ്രഹ അനുഗ്രഹശക്തിയും, ഭൂമിയ്ക്കുടയവർ നാഗങ്ങൾ ആണ് എന്നും മനസ്സിലാക്കിയ പരശുരാമൻ നാഗങ്ങൾക്ക് വാസയോഗ്യമായ കാവുകളും അവയിൽ ചിത്രകൂടവും നിർമ്മിച്ച് സർപ്പ പ്രതിഷ്ഠനടത്തി. പൂജാവിധികളും ആരാധനാക്രമവും ബ്രാഹ്മണർക്ക് ഉപദേശിക്കുകയും , സർപ്പാരാധനയുടെ ഫലമായി സർവ്വഐശ്യര്യങ്ങളും ലഭിക്കുമെന്നും വ്യാധികൾ മാറും എന്നും ഉപദേശിച്ചു. അങ്ങനെ പണ്ട് കേരളത്തിൽ മിക്ക തറവാട്ടിന്റേയും കന്നികോണിൽ കാവും സർപ്പപ്രതിഷ്ഠയും ഉണ്ടായതായിരുന്നു. നാഗദൈവങ്ങളെ പരദേവതാസങ്കല്പത്തിൽ ആരാധിച്ചുവന്നു. ഇന്നും അപൂർവ്വം ചില തറവാടുകളിൽ ഇവ നിലനിൽക്കുന്നു. പൂർവ്വജന്മസുകൃതം കൊണ്ടോ പരദേവതമാരുടെ അനുഗ്രഹം കൊണ്ടോ നമ്മുടെ തറവാട്ടിൽ (മണിയശ്ശേരി) കാവും സർപ്പപ്രതിഷ്ഠയും ആരാധനയും എല്ലാം ഉണ്ട്. പരദേവതമാരായ സർപ്പത്താൻമാരോട് അമ്മയോട് എന്നപോലെ നമ്മുടെ വിഷമങ്ങൾ പറയാം, പ്രാർത്ഥിക്കാം. മനസ്സ് ശുദ്ധമെങ്കിൽ ഭക്തി സത്യമെങ്കിൽ ഫലം നിശ്ചയം

കാവിൽ വിളക്കുവയ്ക്കുന്നത് മുടങ്ങുക, ആണ്ടു പൂജാദികൾ നടത്താതിരിക്കുക, കാവ് അശുദ്ധമാക്കുക, ചിത്രകൂടത്തിന് കേടുവരികയോ, തേനീച്ചയോ കടന്നലോ കൂട് കൂട്ടുകയോ ചെയ്യുക, കാവിൽ അഗ്നിബാധയുണ്ടാവുക, ആനകയറുക, കാവിലെ മരങ്ങൾമുറിക്കുക, മണ്ണ് ഇടുകയോ മാറ്റുകയോ ചെയ്യുക, പാമ്പിൻ മുട്ട, പാമ്പ് ഇവയെ കൊല്ലുക, കാവിൽ കീടനാശിനി ഉപയോഗിക്കുക ഇവയെല്ലാം സർപ്പബാധാകാരണങ്ങളാണ്. ജ്യോതിഷത്തിൽ സർപ്പങ്ങളെ പ്രതിനിധാനം ചെയ്യുന്നഗ്രഹങ്ങളാണ് രാഹുവും കേതുവും പ്രധാനമായും രാഹു ചൊവ്വ, സൂര്യൻ,ശനി തുടങ്ങിയ പാപഗ്രഹങ്ങളുടെ ചേർച്ചയോ, യോഗമോ രാഹുവിന് ഉണ്ടായാൽ സർപ്പദോഷം സർപ്പശാപം ഇവ ഉണ്ടെന്നാണ് ശാസ്ത്രവിധി. കാവുകളിൽ ബ്രാഹ്മണരെകൊണ്ട് നൂറും പാലും പാൽ അഭിഷേകം, പാൽപായസഹോമം, മഞ്ഞൾ, കരിക്ക് ഇവകൊണ്ട് അഭിഷേകം, തളിച്ചുകൊട ഇവയെല്ലാം പരിഹാരമായി ഭക്തിപുരസരം ചെയ്യാവുന്നതാണ്.

ആദിശേഷനായ അനന്തൻ എന്ന നാഗരാജാധിരാജന്റെ ജനനം കന്നിമാസം ആയില്ല്യം നാളും . ദ്വാദശി തിഥിയും , വെള്ളിയാഴ്ചയും ആയിരുന്നു. അദ്ദേഹത്തിന് ആയിരം മിന്നിതിളങ്ങുന്ന ഫണങ്ങളും കോടി സൂര്യപ്രഭയോടുകൂടിയതും അനുഗ്രഹവർഷം ചൊരിയുന്നവന്നും ആണ്. ഇതിൽ നിന്നും ആയില്യം നാളിന് സർപ്പാരാധനയ്ക്കുള്ള പ്രാധാന്യം മനസ്സിലാക്കാം . കദ്രുവിന് കശ്യപമഹർഷിയിൽ ആയിരം നാഗപുത്രന്മാർ ഉണ്ടായെങ്കിലും ആരാധന ചെയ്യുന്നത് അഷ്ഠ നാഗങ്ങളെയാണ്. അനന്തനാഗരാജാധിരാജനും, ഭൂമിയെ ഒരു പുഷ്പം പോലെ ഫണത്തിൽ ധരിക്കുന്നവനും മുസല ആയുധധാരിയും ആണ്.

വാസുകി ഫണത്തിൽ രത്നം ധരിക്കുന്നവൻ ആണ് നാഗരാജാവ്. ത്രിപുരദഹനത്തിൽ മഹാദേവന്റെ വില്ലിന്റെ ഞാണായും, പാലാഴിമഥനത്തിൽ കടകോലായും ശോഭിച്ചു. പത്മനാഭൻ, പത്മൻ, മഹാപത്മൻ എന്നീ നാഗങ്ങൾ വാസുകിയുടെ വലത്തു ഭാഗത്തു വസിക്കുന്ന, കറുത്ത നിറത്തിലുള്ള സർപ്പശ്രേഷ്ഠന്മാരാണ് . അനന്തന്റെ ഇടത്തുഭാഗത്ത് വസിക്കുന്ന ഒരു തലയും കറുപ്പു നിറവും ഉള്ളജോതിശാസ്ത്രത്തിൽ പ്രാധാന്യം നൽകുന്ന നാഗമാണ്. കംബലൻ- ഗുളികൻ അനന്തനെഅനുഗമിച്ച് കൂടെ വസിക്കുന്നശക്തിയുള്ള സത്യ നാഗമാണ് ശംഖപാലൻ , ധൃതരാഷ്ട്രൻ അഷ്ഠനാഗങ്ങളിൽപ്പെടുന്നു. തക്ഷകൻ ഉഗ്രവിഷവും രൂപവും , ഉപദ്രവകാരിയും ആയ നാഗമാണ് അതുപോലെ തന്നെ കാളിയനും.

സർപ്പങ്ങൾ കാണപ്പെട്ടദൈവങ്ങളാണ് വളരെ ശ്രദ്ധയോടും, ഭക്തിയോടും ശരീരവും മനസ്സും ശുദ്ധമായും വേണം സർപ്പപൂജകൾ ചെയ്യാനും , ചെയ്യിക്കാനും സർപ്പപ്രീതിക്ക് ഉത്തമമാണ് പുള്ളുവൻ പാട്ട് ത്രിമൂർത്തികൾ നാരദൻ നൽകിയ ദർഭ പുല്ലിൽ നിന്നും സൃഷ്ടിച്ചതാണത്രെ പുള്ളുവൻമാർ . ത്രി മൂർത്തികൾ തന്നെ നൽകിയതാണത്രേ കുടവും, താളവും സർപ്പത്തിന് ആഹ്ളാദദായകമായ പാട്ടും നാരദൻ വീണയും നൽകി. കുടം കൊട്ടിപാടുന്നത് പുള്ളുവ സ്ത്രീകളാണ്. നാഗപ്രീതിയ്ക്കായി പുള്ളുവൻമാർചെയ്യുന്ന മറ്റൊരു പൂജയാണ് കളമെഴുത്തും പാട്ടും സർപ്പം തുള്ളലും. കളം നടത്തുമ്പോൾ നാഗങ്ങൾക്ക് നൂറും പാലും നൽകാൻ കുടുംബത്തിലുള്ള ഭക്തർക്കും അവസരം ലഭിക്കുന്നു. പക്ഷേ സർപ്പദേവതകൾ ക്കു നൽകുന്ന നിവേദ്യമായി കരുതി , ശുദ്ധമായും, ഭക്കിയോടും വേണം തളിച്ചു കൊടുക്കുന്നത്. സന്താനലബ്ദിക്ക്, സന്താനങ്ങളുടെ ആയുരാരോഗ്യ ഐശ്യര്യാദികൾക്കും സർപ്പാരാധന വളരെ വളരെ ശ്രേഷ്ഠമാണ്. സംശയമില്ല ഭക്തിയും ശ്രദ്ധയും വേണമെന്നുമാത്രം.

## വൃശ്ചികമാസ ചിറപ്പ് രൂപ. 1000/ –

ജിജി തമ്പി, കൃഷ്ണകുമാർ,അപർണ്ണാ തമ്പി, ശാരദാ ദാസ്, ഹരിപ്രസാദ്,രഘുകുമാർ,ഗോകുൽ പ്രസാദ്, ദുർഗ്ഗ കെ. റ്റി , അരവിന്ദ് എസ് പ്രസാദ് , ഉദയാ വി കുറുപ്പ് , രഞ്ജിത്ത്, ജെ . ഭാസ്ക്കരൻ നായർ, അഗസ്ത്യ , ഗൗരി എ ജി , രാധാ മാധവൻ , നീനാകിഷോർ, പി. ഗോപകുമാർ, ആർ. രഘു, ശ്രീകുമാരി , രാജീവ്, സി. കെ. ഗോപിനാഥൻ നായർ, എസ്. കൃഷ്ണകുമാർ, ചന്ദ്രശേഖരമേനോൻ, ഗീത, മീരാ നായർ, ഡോ: മാധവൻ നായർ, കൃഷ്ണ ലതാ മോഹൻ , ജയശ്രീ ഭാസ്ക്കരൻ നായർ

## വൃശ്ചികമാസ പൂജ – രൂപ. 300/ –

ഗായത്രി ഗോപകുമാർ, രാം ഗോപാൽ, അനുരാധ, രമാ മേനോൻ, മധുസൂധനൻ എം കെ., അഖിൽ സുചിത, ശാരദാമ്മ , രഞ്ജിത്ത് നാരായണൻ, ഗീതാഗോപകുമാർ,പത്മാപണിക്കർ, കൃഷ്ണഗോപാൽ, ഉഷ കിരൺ, ഗോപകുമാർ, കൃഷ്ണ പ്രിയ ,രാമകൃഷ്ണ മേനോൻ, സംയുക്താ ഗോപകുമാർ, വിജയ്, രവീന്ദ്രകുമാർ, അനൂപ്, വൈഷ്ണവ്, ശ്രീകുമാർ, വസുദേവ്, ഡി.കെ. പണിക്കർ, രാം ഗോപാൽ, അനുജാ മാധവൻ, വൈഷ്ണവി, വസുകുമാരി, ദേവിക, വിജയ മോഹനൻ, ഡോ: എൻ. ആർ. എം. മേനോൻ, മാളവിക, ബാലൂമോഹൻ, രുദ്രാണി അമ്മ, പ്രീത, മഹാദേവ് , ധന്യ, ഷൈലജ, മേഘ ആർ നായർ, അജയ്, ദർശ്ശന, വിഘ്നേശ്, ഗായത്രി , സിന്ധു ഗോപകുമാർ, സഞ്ജയ് റ്റി., ഇന്ദു പണിക്കർ, അപർണ്ണാ നായർ, കനകം.

**തിരുത്ത്**

*കർക്കിടകമാസ പൂജനടത്തിയതിൽ Mrs. M.N. Kartha യുടെ പേര് ചേർക്കാൻ വിട്ടുപോയതിൽ ഖേദിക്കുന്നു.*